3
ഓഗസ്റ്റ് 2009
തിങ്കൾ
1184 കർക്കടകം 18

# മലയാള മനോരമ

ESTABLISHED 1888

കോഴിക്കോട്
22 പേജ്
മെട്രോ ഉൾപ്പെടെ
4.00 രൂപ

കോട്ടയം * കോഴിക്കോട് * കൊച്ചി * തിരുവനന്തപുരം * പാലക്കാട് * കണ്ണൂർ * കൊല്ലം * തൃശൂർ * മലപ്പുറം * പത്തനംതിട്ട * മുംബൈ * ചെന്നൈ * ബാംഗ്ലൂർ * ഡൽഹി * മംഗലാപുരം * ബഹ്റൈൻ * ദുബായ്
www.manoramaonline.com

FAROOK COLLEGE



മനോരമ

ശാന്തിദൂതനു യാത്രാമൊഴി: പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹം പൊതുദർശനത്തിനുവച്ച മലപ്പുറം ടൗൺഹാളിൽനിന്ന് കബറടക്കാനായി പാണക്കാട് ജുമാ മസ്ജിദിലേക്കു കൊണ്ടുപോകുന്നു.

വിഡിയോ www.manoramaonline.com

# ഇനി ജനഹൃദയങ്ങളിൽ

മലയാള മനോരമ

# അണയാതെ പ്ര



*ശിഹാബ് തങ്ങളുടെ മൃതദേഹത്തിനരികിൽ മകൻ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ.*

> വിവേകപൂർണവും സന്തുലിതവുമായ നിലപാടുകളിലൂടെ ഒരേ സമയം രാഷ്ട്രീയ നേതാവും സാമൂഹി നവോഥാന നായകനുമായിരുന്നു ശിഹാബ് തങ്ങൾ. സ്വന്തം സമുദായത്തിന്റെ മാത്രമല്ല, സമൂഹത്തിന്റെ ഒന്നടങ്കം സ്നേഹവും മമതയും അദ്ദേഹം നേടി. തങ്ങളുടെ മതസൗഹാർദനിലപാടുകളും മാനസിക വിശാലതയും പൊതുരംഗത്തെ പുതുതലമുറയ്ക്ക് പ്രചോദനമാണ്.
>
> ● സോണിയ ഗാന്ധി

കെ. ജയപ്രകാശ് ബാബു

മലപ്പുറം: പ്രകാശഗോപുരം ഇനിയും വെളിച്ചം ചൊരിഞ്ഞു കൊണ്ടേയിരിക്കും. സംസ്ഥാന രാഷ്ട്രീയത്തിലെ ശാന്തമായ പൂമുഖത്തുനിന്നു മറയുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ഓർമകളുടെ അനന്തവിഹായസിലൊരു ചന്ദ്രക്കലയായി എല്ലാ കണ്ണുകളെയും തന്നിലേക്കു തന്നെ പിടിച്ചു നിർത്തും.

മുഹമ്മദലി ശിഹാബ് തങ്ങൾ കേരളത്തിന് എന്തെല്ലാമെന്തെല്ലാമായിരുന്നു. മുസ്‌ലിം ലീഗിന്റെ ഹൃദയം. മുന്നണിയിലെ വലിയ തങ്ങൾ. കക്ഷി രാഷ്ട്രീയത്തിലെ സത്യസന്ധൻ. മതേതര ജനാധിപത്യത്തിന്റെ തേജോമയ മുഖം. അശരണരായ ആയിരങ്ങൾക്കു സാന്ത്വനം പകർന്ന അഭയകേന്ദ്രം. തങ്ങൾ പറഞ്ഞതേ ചെയ്തുള്ളൂ. ചെയ്തതൊന്നും പറഞ്ഞു നടന്നതുമില്ല. ഇതുകൊണ്ടു തന്നെ, തങ്ങൾ പറയുന്നതെന്തും ചെവിയോർത്തവരിൽ സമുദായ ഭേദമുണ്ടായിരുന്നില്ല.

കേരളം വെല്ലുവിളി നേരിട്ട സന്ദർഭങ്ങളിലെല്ലാം ശിഹാബ് തങ്ങൾ പറഞ്ഞ വാക്കുകളും നടത്തിയ ചർച്ചകളും സംസ്ഥാന രാഷ്ട്രീയത്തിലും സമൂഹത്തിലും നിർണായക സ്വാധീനം ചെലുത്തി. 1992ൽ, ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ, കേരളത്തെ ശാന്തമായും ശാന്തിഭൂമിയായും നിർത്തിയത് അദ്ദേഹത്തിന്റെ വാക്കുകളായിരുന്നു. ആത്മസംയമനം പാലിക്കാനും യുഡിഎഫ് സർക്കാരിനു പിന്തുണ തുടരാനും ശിഹാബ് തങ്ങൾ ആഹ്വാനം ചെയ്തു. അന്ന്, ഈ തീരുമാനത്തെ പലരും വിമർശിച്ചു. പക്ഷേ, പാർട്ടിയുടെ രക്തസാക്ഷി പരിവേഷമോ അതുവഴി ലഭിക്കുമായിരുന്ന പിന്തുണയോ വോട്ടുകളോ ആയിരുന്നില്ല ശിഹാബ് തങ്ങളുടെ മനസ്സിൽ. സാമുദായിക സൗഹാർദമായിരുന്നു. ബാബരി മസ്ജിദ് തകർക്കപ്പെട്ടതിന്റെ എല്ലാ ദുഃഖവും കടിച്ചമർത്തി, ശിഹാബ് തങ്ങൾ അന്നെടുത്ത തീരുമാനത്തിന്റെ ആഴവും പരപ്പും പിന്നീടാണു മറ്റുള്ളവർ മനസ്സിലാക്കിയത്. അന്നു വിമർശിച്ചവർ പിന്നീട് ശിഹാബ് തങ്ങളുടെ തീരുമാനത്തിനു മുന്നിൽ ശിരസു നമിച്ചു. ഇന്നും കേരളം തങ്ങളുടെ തീരുമാനത്തിന്റെ സുരക്ഷയനുഭവിക്കുന്നു.

മലപ്പുറം ജില്ലയിലെ തീരപ്രദേശത്തുണ്ടായ സംഘർഷങ്ങൾക്കും തങ്ങളുടെ വാക്കുകളാൽ അയവു വന്നു. അങ്ങാടിപ്പുറം തളി ക്ഷേത്രഗോപുരവാതിലിന് അക്രമികൾ തീയിട്ടപ്പോൾ, സ്ഥലം സന്ദർശിച്ച ശിഹാബ് തങ്ങളുടെ വാക്കുകൾ ഇതര സമുദായക്കാർക്കും പഥ്യമായി. ക്ഷേത്രവാതിൽ പുനർനിർമാണത്തിനു തങ്ങൾ നേതൃത്വം നൽകുകയും ചെയ്തു.

തീരുമാനങ്ങൾ പ്രഖ്യാപിക്കുമ്പോഴും മാധ്യമങ്ങളോടു പ്രതികരിക്കുമ്പോഴും പൊതു ചടങ്ങുകളിൽ പ്രസംഗിക്കുമ്പോഴും അദ്ദേഹം തുടങ്ങിയതു മതസൗഹാർദത്തിലായിരുന്നു.

കൊടപ്പനക്കൽ തറവാട്ടിലെ എന്നും തുറന്നു കിടക്കുന്ന വാതിലുകൾ കടന്ന്, അഭയം തേടിയെത്തിവരിൽ മുസ്‌ലിംകൾ മാത്രമല്ല, ഹിന്ദുക്കളും ക്രിസ്ത്യാനികളുമുണ്ട്. വന്നവരോട് ജാതിയോ മതമോ ചോദിച്ചില്ല. മുസ്‌ലിംകൾ മുത്താൻ കൊതിക്കുന്ന കൈകൾ, അഭയം തേടിയെത്തിയ മറ്റുള്ളവരെ തലോടി. ആരെയും കൈവിട്ടില്ല. എല്ലാവർക്കും വേണ്ടി പ്രാർഥിച്ചു. തറവാട്ടിനു പിറകിലൂടെ ശാന്തമായൊഴുകുന്ന കടലുണ്ടിപ്പുഴ പോലെ, എല്ലാ പരാതികളും കേട്ടു.

ഹൈക്കോടതിയിൽ പോലും തീരുമാനമാകാത്ത കേസുകൾ പാണക്കാട്ടെ പൂമുഖത്ത് ഒത്തുതീർന്നിട്ടുണ്ട്. കാരണം, ശിഹാബ് തങ്ങളുടെ തീർപ്പ് തെറ്റില്ല. ആ തീർപ്പുകളിൽ അപ്പീൽ കൊടുക്കേണ്ട ആവശ്യവുമില്ല.

പൂമുഖത്തെ വട്ടമേശയ്ക്കെതിർവശത്ത്, രാഷ്ട്രീയക്കാരനെയും മന്ത്രിമാരെയും നാട്ടുകാരനെയും സ്നേഹിതരെയും ഒരു പോലെ കണ്ട കാരണവരാണു പടിയിറങ്ങിയത്. ആവർത്തിക്കാത്ത ചരിത്രം പോലെ, പുനർജനിയില്ലാത്ത വിപ്ലവജന്മം പോലെ, പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ ചരിത്രത്തിലേക്കു മടങ്ങി.

നിലച്ചത്, സമൂഹത്തിന്റെ സ്പന്ദനങ്ങൾ സ്വന്തം മിടിപ്പുകളാക്കിയ ഹൃദയമാണ്. സംസ്ഥാന രാഷ്ട്രീയത്തിന്റെ സ്പന്ദനങ്ങൾ രണ്ടു ദിവസം നിലച്ചു പോയതും മറ്റൊന്നും കൊണ്ടല്ല.



പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹം കബറടക്കുന്നതിനായി പാണക്കാട് ജുമ

# ാശഗോപുരം



...ിലേക്ക് കൊണ്ടു...പോകുന്നു.

## രണ്ടു മാസം റിലീഫ് പ്രവർത്തനങ്ങൾ

മലപ്പുറം: രണ്ടു മാസത്തേക്ക് പാർട്ടിയുടെ മറ്റെല്ലാ പരിപാടികളും മാറ്റിവച്ച് റിലീഫ് പ്രവർത്തനങ്ങൾ നടത്താൻ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് തീരുമാനിച്ചു. കൊടപ്പനയ്ക്കൽ തറവാട്ടിൽ ചേർന്ന യോഗമാണ് തീരുമാനമെടുത്തത്.

ശിഹാബ് തങ്ങൾക്ക് ഇടതു സർക്കാർ അർഹിക്കുന്ന ആദരവ് നൽകിയെന്നും അഭിപ്രായവ്യത്യാസമുള്ള സംഘടനാ നേതാക്കളടക്കം വിയോഗ വാർത്ത അറിഞ്ഞെത്തിയെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഇത് അദ്ദേഹത്തിന്റെ ജനകീയതയാണു തെളിയിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ലീഗ് നേതാക്കളായ എം.പി. അബ്ദുസ്സമദ് സമദാനി, ഹമീദലി ഷംനാട്, എം.കെ. മുനീർ, ടി.എ. അഹമ്മദ് കബീർ, കെ.എൻ.എ. ഖാദർ, ടിപി.എം. സാഹിർ, കല്ലടി മുഹമ്മദ്, പി.വി. അബ്ദുൽ വഹാബ്, കെ.പി.എ. മജീദ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

പാണക്കാട് പി.എം.എസ്.എ. പൂക്കോയ തങ്ങളുടെ മൂന്നാമത്തെ മകനായ ഹൈദരലി ശിഹാബ് തങ്ങൾ 1946 ലാണു ജനിച്ചത്. ജ്യേഷ്ഠനെപ്പോലെ കോഴിക്കോട് എംഎം ഹൈസ്കൂളിൽനിന്ന് എസ്എസ്എൽസി പാസായി. കാന്നല്ലൂർ, പട്ടർനടക്കാവ്, പൊന്നാനി മഊനത്തുൽ ഇസ്‌ലാം എന്നിവിടങ്ങളിലെ മതപഠനത്തിനുശേഷം പട്ടിക്കാട് ജാമിഅഃനൂരിയ്യ അറബിക് കോളജിൽനിന്നു ഫൈസി ബിരുദം നേടി. 1973 വരെ പിതാവ് പൂക്കോയ തങ്ങൾ വഹിച്ചിരുന്ന മുസ്‌ലിംലീഗ് മലപ്പുറം ജില്ലാ പ്രസിഡന്റ് സ്ഥാനമാണ് ഹൈദരലി തങ്ങൾ ഇതുവരെ വഹിച്ചത്. വയനാട് ജില്ലാ ഖാസി, സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ പോഷക സംഘടനകളായ എസ്‌വൈഎസിന്റെ പ്രസിഡന്റ്, എസ്എംഎഫിന്റെ സെക്രട്ടറി, വിദ്യാഭ്യാസ ബോർഡിന്റെ ട്രഷറർ, ജാമിഅഃനൂരിയ്യ ജനറൽ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളും വഹിക്കുന്നു.

## മക്കയിലും മദീനയിലും ജനാസ നമസ്കാരം

മക്ക: പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്കായി മക്ക ഹറം പള്ളിയിലും മദീനയിലെ പ്രവാചക പള്ളിയിലും ജനാസ നമസ്കാരവും പ്രാർഥനയും നടന്നു. മുസ്‌ലിം ലീഗിന്റെ പ്രവാസി സംഘടനയായ കെഎംസിസി സംഘടിപ്പിച്ച നമസ്കാരത്തിലും പ്രാർഥനാ സംഗമത്തിലും ഒട്ടേറെ പ്രവാസി മലയാളികൾ പങ്കെടുത്തു. തങ്ങളുടെ നിര്യാണ വാർത്ത അറിഞ്ഞതു മുതൽ തന്നെ മക്കയിലും സമീപ മേഖലകളിലുമുള്ള ഒട്ടേറെ മലയാളികൾ ഹറം പള്ളിയിലെത്തി പ്രാർഥനയിൽ മുഴുകിയിരുന്നു. ഇതര ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിൽനിന്നുമെത്തിയ മലയാളി ഉംറ തീർഥാടകരും നമസ്കാരത്തിൽ പങ്കെടുത്തു.



*മലപ്പുറം ടൗൺഹാളിൽ പൊതുദർശനത്തിനു വച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹത്തിനരികിൽ സഹോദരന്മാരായ പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ എന്നിവർ. ടി.എ. അഹമ്മദ് കബീർ, ശിഹാബ് തങ്ങളുടെ മകൻ ബഷീറലി ശിഹാബ് തങ്ങൾ തുടങ്ങിയവർ സമീപം.*

ചിത്രങ്ങൾ >>> ●ജയിംസ് ആർപ്പൂക്കര ●രാജൻ എം. തോമസ് ● ടി. പ്രദീപ് കുമാർ

വിഡ. ● www.manoramaonline.com

# നിത്യപ്രതീകം



ഞാൻ പല തവണ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. കോൺഗ്രസിലെകലാപങ്ങൾ തണുപ്പിക്കാനും ആ സൗമ്യസാന്നിധ്യം തുണയായി. അപ്പോഴൊന്നും വേറെ ഒരു പാർട്ടിക്കാരനായിട്ടല്ല ഞങ്ങൾ അദ്ദേഹത്തെ കണ്ടത്. പാണക്കാട് ശിഹാബ് തങ്ങളെ അങ്ങനെ അന്യനായി കാണാൻ ആർക്കും കഴിയില്ലായിരുന്നു.

ഭരണാധികാരി എന്ന നിലയിൽ അദ്ദേഹത്തിന്റെ പിന്തുണ അമൂല്യമായി അനുഭവപ്പെട്ട ഒരുപാട് സന്ദർഭങ്ങൾ എനിക്കുണ്ടായി. ഒരു സമുദായത്തിന്റെ മുഴുവൻ പ്രതിനിധിയാണ് അദ്ദേഹം. എന്നാൽ സത്യസന്ധതയും നിഷ്പക്ഷതയും വിട്ടൊരു കളിക്കു തങ്ങൾ തയാറായിരുന്നില്ല. അനുയായികൾ സമ്മർദം ചെലുത്തിയാലും അവരെ കാര്യം പറഞ്ഞു മനസ്സിലാക്കുമായിരുന്നു അദ്ദേഹം. അത്തരം ഇടപെടലുകളിലൂടെ ... ത്തിൽ ചോദ്യം ചെയ്യാൻ കഴിയപ്പെടാത്ത ... തങ്ങൾ മാറി. സ്വന്തം സമുദായത്തിന്റെ ... കങ്ങളുടെയും അവകാശങ്ങൾക്കായി ... മ്പോൾ തന്നെ രാജ്യതാൽപ്പര്യം പരമപ്ര... ഉയർത്തിപ്പിടിച്ചു. അദ്ദേഹം പകർന്നു തന്ന ... മാതൃകയും അതു തന്നെയാണ്.

പ്രായംകൊണ്ട് ശിഹാബ് തങ്ങൾ എനി...

ലുമായിരുന്ന സ്നേഹസാന്നിധ്യത്തെയാണ്. വ്യക്തിപരമായി ഞാൻ ദുഃഖമനുഭവിച്ച വേളകളിലെല്ലാം ആശ്വാസവുമായി അദ്ദേഹം എത്തിയിട്ടുണ്ട്. അമേരിക്കയിൽ അദ്ദേഹം ചികിൽസയ്ക്കു പോയി വന്നതിനു ശേഷമായിരുന്നു ഒടുവിലത്തെ കൂടിക്കാഴ്ച. പോകുന്ന സമയത്ത് ഖിന്നനായിരുന്നുവെന്നു കേട്ടിരുന്നു. എന്നാൽ കണ്ടപ്പോൾ നല്ല പ്രസരിപ്പിലായിരുന്നു. ആശങ്കപ്പെട്ടതെല്ലാം അകന്നുപോയി എന്ന ആത്മവിശ്വാസം.

ജനങ്ങൾ അദ്ദേഹത്തെ ഏറ്റവും ഉയരത്തിലാണു പ്രതിഷ്ഠിച്ചത്. സാധുജനങ്ങൾക്കൊപ്പം നിൽക്കാനും അവരുടെ പ്രശ്നങ്ങളിൽ നേരിട്ട് ഇടപെടാനും ശിഹാബ് തങ്ങൾക്കു കഴിഞ്ഞിരുന്നു. അത് അദ്ദേഹത്തിന്റെ ആത്മീയശക്തിയുടെ നന്മയായിരുന്നു.

അപ്രതീക്ഷിതമായി അദ്ദേഹം പൊടുന്നനെ കടന്നുപോയിരിക്കുന്നു. ആദരാഞ്ജലികളർപ്പിക്കാൻ നേരിട്ടു പോകാൻ കഴിയാത്തതിൽ സങ്കടമുണ്ട് എനിക്ക്. അതിലേറെയുള്ളതു ഭയപ്പാടാണ്.

പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വേർപാടു സൃഷ്ടിക്കുന്ന വിടവു നികത്താൻ കേരളത്തിനു കഴിയുമോ എന്ന ഭയം. മൈത്രിയുടെ നിത്യപ്രതീകമാണല്ലോ അദ്ദേഹം.



പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെ ആശ്വസിപ്പിക്കുന്ന കാന്തപുരം.

## തീരാ നഷ്ടമായി ശിഹാബ് തങ്ങൾ

**കേന്ദ്രമന്ത്രി ഗുലാം നബി ആസാദ്**
ശിഹാബ് തങ്ങളുടെ വിയോഗം ദേശീയനഷ്ടമാണ്. എല്ലാ മേഖലകളിലും സ്വാധീനശക്തിയുള്ള വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. കറ കളഞ്ഞ രാഷ്ട്രീയ, ആധ്യാത്മികനേതാവിനെയാണ് നമുക്കു നഷ്ടപ്പെട്ടത്. കോൺഗ്രസിനും യുപിഎ മുന്നണിക്കും അദ്ദേഹത്തിന്റെ വിയോഗം തീരാനഷ്ടമാണ്.

**മന്ത്രി എസ്. ശർമ്മ**
ശാന്തവും പക്വവുമായ സ്വഭാവം കൊണ്ട് ജനങ്ങളെ നയിച്ച നേതാവാണ് തങ്ങൾ. മതമൈത്രിക്ക് വേണ്ടി ജീവിച്ചു.

**രമേശ് ചെന്നിത്തല**
മതേതര വിശ്വാസത്തിന്റെ സ്നേഹഗോപുരമായി പ്രവർത്തിച്ച തങ്ങളുടെ മരണം വലിയ നഷ്ടമാണ്. സമാനതകളില്ലാത്ത ലാളിത്യം സൂക്ഷിച്ച നേതാവായിരുന്നു അദ്ദേഹം. യുഡിഎഫിനെ ശക്തിപ്പെടുത്തുന്നതിൽ തങ്ങളുടെ സാന്നിധ്യവും സ്വാധീനവും നിർണായകമായിരുന്നു.

